# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാങ്കുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.7-282/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 17/04/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാങ്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാങ്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാങ്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.7-282/2023 തീയ്യതി: 17/04/2023

## ഇടുക്കി ജില്ലയിലെ മാങ്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ മാങ്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 31-08-2021 മുതൽ 06-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 06-03-2023 | 10-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-03-2023 | 10-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ വി. ജി. സജിമോൻ, ഓഡിറ്റ് ഓഫീസർ
ശ്രീ. രാജീവ് എം. എസ്., ഓഡിറ്റ് ഓഫീസർ
ശ്രീ. സാമുവൽ രാജ് ആർ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. വിഷ്ണു പി. കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ബിനുമോൻ കെ. സി., സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി വിനീത സജീവൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ എ. ഗോപകുമാർ | സെക്രട്ടറി | 01-04-2021 | 02-01-2022 |
| ശ്രീ മനോജ് വി | സെക്രട്ടറി | 03-01-2022 | 31-03-2022 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ കെ. ബി സതീഷ് കുമാർ | ഓവർസിയർ (അസി. എഞ്ചിനീയറുടെ അധിക ചുമതല) | 01-04-2021 | 25-02-2022 |
| ശ്രീ വിപിൻ കൃഷ്ണ | അസിസ്റ്റന്റ് എഞ്ചിനീയർ | 26-02-2022 | 31-03-2022 |
| ശ്രീ കെ. എൻ ശശീന്ദ്രൻ | വി.ഇ.ഒ മാങ്കുളം സർക്കിൾ | 01-04-2021 | 31-03-2022 |
| ശ്രീമതി രമ്യ എ. സുകുമാരൻ | വി.ഇ.ഒ ആറാം മൈൽ സർക്കിൾ | 01-04-2021 | 04-11-2021 |
| ശ്രീ ശിവൻ കെ കെ | വി.ഇ.ഒ ആറാം മൈൽ സർക്കിൾ | 05-11-2021 | 31-03-2022 |
| ഡോ ജി. എം അക്സ | മെഡിക്കൽ ഓഫീസർ , ആരോഗ്യം | 01-04-2021 | 31-03-2022 |
| ശ്രീമതി ഗ്രീഷ്മ വി മാത്യു | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ മിനേഷ് തങ്കച്ചൻ | വെറ്റിനറി സർജൻ | 01-04-2021 | 10-02-2022 |
| ഡോ അനിത നാരായണൻ | വെറ്റിനറി സർജൻ | 11-02-2022 | 16-03-2022 |
| ഡോ രാജൻ ഐ എ | വെറ്റിനറി സർജൻ | 17-03-2022 | 31-03-2022 |
| ശ്രീ റിന്റു തോമസ് | ക്ഷീര വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. സിനോ മാത്യു | ഹെഡ്മാസ്റ്റർ (അധിക ചുമതല) | 01-04-2021 | 30-11-2021 |
| ശ്രീമതി പി. കനി | ഹെഡ്മിസ്ട്രസ് ഗവ. എൽ. പി. എസ്. | 01-12-2021 | 31-03-2022 |
| ശ്രീമതി കെ. വി. ലക്ഷ്മിപ്രിയ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 28-06-2021 |
| ശ്രീമതി അലോഷ്യാ ജോസഫ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 29-06-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം | 1-3 |
| 4 | പദ്ധതി അവലോകനം | 1-4 |
| 5 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-8 |
| 9 | വാർഷിക ധനകാര്യ പത്രിക - അപാകതകൾ | 1-9 |
| 10 | വസ്തു നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച | 1-10 |
| 11 | ഹൈടെക് സ്കൂൾ പദ്ധതി - കമ്പ്യൂട്ടർ സാമഗ്രികൾ വിതരണം ചെയ്ത വിവരങ്ങളില്ല | 1-11 |
| 12 | ചിക്കണാംകുഴി ഗവ. എൽ. പി. സ്കൂളിന് സോളാർ പാനൽ സ്ഥാപിക്കൽ - പൂർത്തീകരണ വിവരങ്ങളില്ല | 1-12 |
| 13 | സാമൂഹ്യ സുരക്ഷാ പെൻഷൻ – പൊതു അപാകതകൾ | 1-13 |
| 14 | സാമൂഹ്യ സുരക്ഷാ പെൻഷൻ - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല | 1-14 |
| 15 | കവിതക്കാട് അങ്കണവാടി അറ്റകുറ്റപ്പണി - അപാകതകൾ | 1-15 |
| 16 | ഐറിഷ് ഓട നിർമ്മാണ പ്രവൃത്തികൾക്ക് അധിക തുക നൽകി | 1-16 |
| 17 | ബസ് സ്റ്റാന്റിന് സ്ഥലം ഒരുക്കൽ - അപാകതകൾ | 1-17 |
| 18 | വിരിഞ്ഞപാറ അങ്കണവാടി-അറ്റകുറ്റപ്പണി നടത്തിയതിലെ അപാകതകൾ. | 1-18 |
| 19 | ഓഡിറ്റ് ഇംപാക്ട്-ബിൽതുക പൂർണമായി നൽകിയിട്ടും പൂർത്തീകരിക്കാൻ ശേഷിച്ച പ്രവൃത്തികൾ ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയതിനെത്തുടർന്ന് നടപ്പാക്കി | 1-19 |
| 20 | ടെൻഡർ നിരക്ക് പരിഗണിക്കാതെ കരാർ ഉറപ്പിച്ച് നൽകി | 1-20 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | വിരിഞ്ഞപാറ അങ്കണവാടി അറ്റകുറ്റപ്പണി നടത്തിയതിലെ അപാകതകൾ | 3-1 |
| 2 | ഐറിഷ് ഓട നിർമാണ പ്രവൃത്തികൾക്ക് അധികം തുക നൽകി | 3-2 |
| 3 | ടെണ്ടർ നിരക്ക് പരിഗണിക്കാതെ കരാർ ഉറപ്പിച്ച് നൽകിയത് മൂലം പഞ്ചായത്തിന് നഷ്ടം | 3-3 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ മുൻകൂർ വിവരം | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി 19-02-2021ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചു. ₹9,71,654/- മുന്നിരിപ്പും ₹20,22,91,163/- വരവും ₹20,19,34,63/- ചെലവും ₹13,28,154/- മിച്ചവും വരുന്ന ബജറ്റ് 22.02.2021ൽ പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിച്ച് 23.02.2021ലെ 1/1 നമ്പർ തീരുമാന പ്രകാരം അംഗീകാരം നേടി.

₹82,51,198/- മുന്നിരിപ്പും ₹15,52,36,563/- വരവും ₹15,50,06,000/- ചെലവും ₹84,81,761/- മിച്ചവും വരുന്ന പരിഷ്കരിച്ച ബജറ്റ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി 21.03.2022-ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം ശുപാർശ ചെയ്തത് ഭരണ സമിതിയുടെ 23.03.2022ലെ യോഗത്തിൽ അവതരിപ്പിച്ച് 25.03.22ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം നേടി.

എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നുവെന്ന് ഉറപ്പാക്കിയും ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചവരുടെ നിർദ്ദേശങ്ങൾ പരിഗണിച്ചും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടി ക്രമങ്ങൾ പൂർണ്ണമായും പാലിച്ചും ബജറ്റ് തയ്യാറാക്കേണ്ടതാണ്. ബജറ്റും പരിഷ്കരിച്ച ബജറ്റും തമ്മിൽ ഭീമമായ അന്തരം കാണുന്നു. ബജറ്റ് തയ്യാറാക്കുന്നതിലെ ശ്രദ്ധക്കുറവും ജാഗ്രതയില്ലായ്മയുമാണ് ഇത് സൂചിപ്പിക്കുന്നത്. ഇത് ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 11.05.2022 | | |

### 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റിനം | മുൻ ബാക്കി ₹ | അലോട്ട്മെന്റ് വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസന ഫണ്ട് – പൊതുവിഭാഗം | 0 | 19297171 | 19297171 | 18484410 | |
| വികസന ഫണ്ട് – എസ്.സി.പി. | 0 | 1450100 | 1450100 | 1013637 | |
| വികസന ഫണ്ട് – ടി.എസ്.പി. | 0 | 6013091 | 6013091 | 5766314 | |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 0 | 8905904 | 8905904 | 4004044 | 4901860 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 0 | 3766584 | 3766584 | 1723807 | 2042777 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 0 | 2846002 | 2846002 | 2419293 | |
| മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം | 0 | 8054169 | 8054169 | 5812904 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഐ.സി.ഡി.എസ്. | 242099 | 548326 | 790425 | 666000 | 124425 |
| സമ്പൂർണ്ണ ശുചിത്വം | 724702 | 0 | 724702 | 0 | 724702 |

| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
|---|---|---|---|---|---|
| ശുചിത്വ മിഷൻ | 1211314 | 130000 | 1341314 | 130000 | 1211314 |
| ടോട്ടൽ സാനിട്ടേഷൻ | 35750 | 0 | 35750 | 0 | 35750 |
| സാക്ഷരത | 721 | 33 | 754 | 0 | 754 |
| പട്ടിക വർഗ വികസന വകുപ്പ് | 13864084 | 536915 | 14400999 | 3108191 | 11292808 |
| ജീവധാര | 196658 | 8949 | 205607 | - | 205607 |
| ജലനിധി | 836973 | 1145862 | 1982835 | 0 | 1982835 |
| സംസ്ഥാന അവാർഡ് | 300000 | 0 | 300000 | 0 | 300000 |

1-3-1) നിലവിലുള്ള വ്യവസ്ഥകളനുസരിച്ച് ആകെ അലോട്ട്മെന്റിന്റെ 20% വരെ മാത്രമേ അടുത്ത വർഷത്തേയ്ക്ക് ക്യാരി ഓവർ വിഹിതമായി ലഭിക്കൂ എന്നിരിക്കെ വികസന ഫണ്ട് (എസ്.സി.പി.) മെയിന്റനൻസ് ഗ്രാന്റ് റോഡിനം എന്നിവയിൽ തുകകൾ നഷ്ടമാകുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഭാവിയിൽ പദ്ധതി നിർവ്വഹണം ഊർജ്ജിതപ്പെടുത്താൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

പ്രത്യേക ഉദ്ദേശ്യ ലക്ഷ്യങ്ങൾക്കായി ലഭിക്കുന്ന ഫണ്ടുകൾ യഥാസമയം വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ലാപ്സായ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ | ക്യാരി ഓവർ ചെയ്യുന്ന തുക ₹ | ലാപ്സായ തുക ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി. | 1450100 | 1013637 | 436463 | 290020 | 146443 |
| മെയിന്റനൻസ് ഗ്രാന്റ് (എൻ.ആർ.) | 8054169 | 5812904 | 2241265 | 1610834 | 630431 |

## 1-4 പദ്ധതി അവലോകനം

വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വിവിധ സമിതി യോഗങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 05-02-2021 |
| പദ്ധതി ആസൂത്രണ ഗ്രാമ സഭകൾ | 07-02-2021 മുതൽ 14-02-2021 |
| വികസന സെമിനാർ | 20.02.2021 |
| ജില്ലാ ആസൂത്രണ സമിതി അംഗീകാരം | 22.02.2021 |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പദ്ധതികൾ | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയ പദ്ധതികൾ | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|
| 170 | 258787478 | 134 | 71292220 | 36 | 79 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 5 | 5 | 100 | 2727000 | 1971503 | 72 |
| 2 | വെറ്ററിനറി സർജൻ | 8 | 6 | 75 | 4352200 | 1264350 | 29 |
| 3 | മെഡിക്കൽ ഓഫീസർ - എഫ്.എച്ച്.സി. | 18 | 16 | 89 | 4498791 | 3657916 | 81 |
| 4 | ഹെഡ് മാസ്റ്റർ, ഗവ. എൽ.പി.എസ്. | 3 | 3 | 100 | 450740 | 370491 | 82 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 25 | 19 | 76 | 203952278 | 35129712 | 17 |
| 6 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 6 | 6 | 100 | 3036750 | 2956290 | 97 |
| 7 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 100 | 2000000 | 768565 | 38 |
| 8 | സെക്രട്ടറി | 31 | 24 | 77 | 13642739 | 9005037 | 66 |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ | 71 | 52 | 73 | 23511980 | 16112586 | 69 |
| 10 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 | 100 | 615000 | 55770 | 9 |
| | | 170 | 134 | 79 | 258787478 | 71292220 | 28 |

അംഗീകാരം ലഭിച്ച പദ്ധതികളുടെ 79% മാത്രമാണ് തൻവർഷം നടപ്പിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. 71 പൊതുമരാമത്ത് പ്രവൃത്തികൾക്ക് തൻവർഷം അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും 52 എണ്ണം മാത്രമാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത്. അഗതിരഹിത കേരളം പദ്ധതിയ്ക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ല. സംയുക്ത പദ്ധതികൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും മുൻ വർഷങ്ങളിൽ ലഭിച്ച തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല.

## 1-5 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയ്ക്കായി സൂക്ഷിച്ചിരിക്കുന്ന ക്യാഷ്ബുക്കിലെയും വാർഷിക കണക്കിലെയും രേഖപ്പെടുത്തലുകൾ തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള തുകകളാണ് ഇവിടെ പരാമർശിച്ചിരിക്കുന്നത്.

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണ നിർവ്വണം | 405144 | 1296182 | 1701326 | 1699286 | 2040 |
| തൊഴിലാളികളുടെ കൂലി | 0 | 40418104 | 40418104 | 40418104 | 0 |

## 1-6 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 2471900 | 125 |
| വിധവ പെൻഷൻ | 4670500 | 265 |
| വാർദ്ധക്യകാല പെൻഷൻ | 15930400 | 916 |
| വികലാംഗ പെൻഷൻ | 1736600 | 119 |
| അവിവാഹിത പെൻഷൻ | 48000 | 4 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.03.2023-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ ₹3,028/- (മൂവായിരത്തി ഇരുപത്തിയെട്ട് രൂപ മാത്രം)ന്റെ നീക്കിയിരിപ്പ് കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട പ്രസക്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തേണ്ടതാണ്.
- ഭരണ സമിതി-സ്റ്റാന്റിംഗ് കമ്മിറ്റി യോഗ തീരുമാനങ്ങൾ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്.
- തനത് വരുമാന സ്രോതസുകൾ വളരെ പരിമിതമാണെങ്കിലും അവ പരമാവധി ചൂഷണം ചെയ്ത് വരുമാന വർദ്ധനവ് ഉറപ്പാക്കുന്ന നടപടികൾ ഫലപ്രദമായി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല. പിരിവ് ശതമാനവും വരവിനങ്ങളിലെ വൻ കുടിശ്ശികയും അക്കാര്യം സ്ഥിരീകരിക്കുന്നു.
- പിരിവിലെ പുരോഗതിയില്ലായ്മ കാരണം വികസന ഫണ്ട് അലോട്ട്മെന്റിൽ കുറവ് വരാനുള്ള സാധ്യത നില നിൽക്കുന്നു.
- 19 ലക്ഷത്തിലധികമാണ് റവന്യൂ വരവിനങ്ങളിലെ കുടിശ്ശികയെങ്കിലും അതിന് ബി-15(a) പ്രകാരം പ്രൊവിഷൻ നൽകിയിട്ടില്ല.
- ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാണ്. ഓരോ ദിവസവും ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി ഏൽപ്പിച്ച് നൽകുന്ന രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ഓരോ ദിവസവും നൽകേണ്ട സേവനങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിപാലിക്കുന്നു.
- ഗ്രാമപഞ്ചായത്ത് 01.04.2022-ലാണ് ILGMS സോഫ്റ്റ് വെയറിലൂടെ ഭരണ നിർവഹണം ആരംഭിച്ചത്. എല്ലാ സേവനങ്ങളും ഒരു സോഫ്റ്റ്‌വെയറിൻ കീഴിലേക്ക് മാറുന്നുവെന്ന പ്രഖ്യാപിത ലക്ഷ്യം ഇപ്പോഴും സാധ്യമായിട്ടില്ല. വിവിധ സേവനങ്ങൾ ഏകോപിപ്പിക്കുന്നതിനായി IKM തയ്യാറാക്കിയിട്ടുള്ള 17 സോഫ്റ്റ്‌വെയറുകളിലെ കേവലം 03 എണ്ണം മാത്രമാണ് (സാംഖ്യ, സൂചിക, സേവന-സിവിൽ രജിസ്ട്രേഷൻ) ഭാഗികമായെങ്കിലും പ്രവർത്തനക്ഷമമായിട്ടുള്ളത്.
- സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ്, ഗ്രാമസഭാ മിനിട്സ്, പഞ്ചായത്ത് കമ്മിറ്റി മിനിട്സ്, അക്വിറ്റൻസ് രജിസ്റ്റർ, വിവരാവകാശ രജിസ്റ്റർ, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ എന്നിവ തൃപ്തികരമായി പരിപാലിക്കുന്നുണ്ട്.
- ജനറൽ-കമ്പ്യൂട്ടർ ഹാർഡ്‌വെയർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി പരിശോധന റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
- വായ്പ രജിസ്റ്റർ അപൂർണ്ണമാണ്. ജവഹർ ലോൺ മുതൽ തുകയിൽ 28 ലക്ഷത്തോളം തിരിച്ചടയ്ക്കാൻ ശേഷിക്കുന്നുവെങ്കിലും കണക്കുകൾ കൃത്യമായി ക്രോഡീകരിച്ചിട്ടില്ല.

- കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, മിച്ചം വന്ന തുകയുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല.
- പ്രതിമാസ അക്കൗണ്ടുകൾ പൊരുത്തപ്പെടുത്തൽ പത്രികകൾ സഹിതം കാലികമായി തയ്യാറാക്കി സൂക്ഷിക്കുന്നതിൽ വീഴ്ചയുണ്ട്.
- പുതുതായി സൃഷ്ടിക്കുന്ന ആസ്തികളുടെ വിവരം ആസ്തി രജിസ്റ്ററുകളിൽ ഉൾപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പരിപാലിക്കേണ്ടതാണ്.
- പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്നും ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലും ബജറ്റ് പ്രൊവിഷന് അനുസൃതവുമായിട്ടാണ് തുകകൾ ചെലവഴിക്കപ്പെടുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തുന്നില്ല.
- സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.
- വാർഷിക പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതിയും കാര്യക്ഷമതയും കൈവരിച്ചിട്ടില്ല. നൂതനമായ അനേകം പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനും സബ്സിഡികൾ അനുവദിക്കുന്നതിനും പുതുക്കിയ പദ്ധതി മാർഗ്ഗരേഖകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ആവർത്തന ശൈലിയിലുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ആസൂത്രണം ചെയ്യുന്നതിനാണ് ഓഡിറ്റ് വർഷവും ശ്രദ്ധ പതിപ്പിച്ചിട്ടുള്ളത്.
- പദ്ധതികളും ഗുണഭോക്താക്കളെയും നിർദ്ദേശിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതല്ലാതെ തുടർ മോണിട്ടറിംഗ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ നടത്തുന്നില്ല. പ്രോജക്ടുകളുടെ വിലയിരുത്തൽ നടത്തുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല. ഉത്പാദനമേഖലയിലെ വളരെ പരിമിതമായ ചെലവ് ശതമാനം ഈ വസ്തുത ശരി വെയ്ക്കുന്നതാണ്.
- വാർഷിക പദ്ധതിക്കായി വകയിരുത്തുന്ന തുകകൾ സമയബന്ധിതവും കാര്യക്ഷമവുമായി വിനിയോഗിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. പദ്ധതി നിർവ്വഹണം വർഷാവസാനത്തേക്ക് കേന്ദ്രീകരിച്ചതിനാൽ ഗണ്യമായ തുക ട്രഷറി നിയന്ത്രണം മൂലം പിൻവലിക്കാൻ കഴിയാതെ വന്നത് പദ്ധതി നിർവ്വഹണത്തിലെ വലിയ പാളിച്ചയായി.
- സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാര്യക്ഷമത പുലർത്തിയിട്ടുണ്ടെങ്കിലും മരണപ്പെട്ടവരുടെ പെൻഷൻ യഥാസമയം റദ്ദാക്കാത്തതിനാൽ അനർഹമായി തുക ക്രമീകരിച്ചിരിക്കാനുള്ള സാധ്യത നില നിൽക്കുന്നു.

## 1-9 വാർഷിക ധനകാര്യ പത്രിക - അപാകതകൾ

2021-22-ലെ വാർഷിക ധനകാര്യ പത്രികയിൽ കണക്കുകൾ രേഖപ്പെടുത്തുന്നതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ഭരണ ചെലവ്, തൊഴിലാളികളുടെ കൂലി എന്നീ ഇനങ്ങളിൽ NREGS അക്കൗണ്ടന്റ് ലഭ്യമാക്കിയ കണക്കും AFS-ഉം പൊരുത്തപ്പെടുന്നില്ല. ആയത് പരിശോധിച്ച് കൃത്യമായ വിവരം ലഭ്യമാക്കേണ്ടതാണ്.

2. വായ്പ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ വായ്പ ഇനത്തിലുള്ള വരവ്-ചെലവുകളുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

3. എസ്.ബി.ഐ. ഓൾഡ് പ്ലാൻ എന്ന അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന തുകകളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമായിട്ടില്ല. തൻവർഷം ലൈഫ് ഭവന പദ്ധതി തുകകൾ, ശുചിത്വ മിഷൻ തുകകൾ എന്നിവ ഈ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

4. ജേണൽ എൻട്രി വഴി മുൻവർഷത്തെ നീക്കിയിരിപ്പിൽ ക്രമീകരണങ്ങൾ നടത്തിയതായി ലെഡ്ജറുകളിൽ ചേർത്തിട്ടുണ്ടെങ്കിലും ആയതിന്റെ കാരണം വ്യക്തമാക്കുന്ന കുറിപ്പുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുകയോ അനുബന്ധ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. കൃത്യമായ കണക്കുകൾ ലഭ്യമാക്കേണ്ടതാണ്.

5. തനത് ഫണ്ടിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നുമുള്ള ചെലവുകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ എല്ലാ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ടിനങ്ങളും ഉൾപ്പെടുത്താനും ചെലവുകൾ കൃത്യമായി രേഖപ്പെടുത്താനും ശ്രദ്ധിക്കേണ്ടതാണ്.

6. Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc.,) ഹാജരാക്കിയിട്ടില്ല.

7. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9ൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകളുടെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ ലഭ്യമല്ല.

| | | | |
|---|---|---|---|
| 1. | 350300103 | VAT | ₹29906 |
| 2. | 350300104 | SERVICE TAX | ₹165294 |
| 3. | 350410301 | D&O LICENCE | ₹109000 |
| 4. | 350800101 | STALE CHEQUE | ₹42488 |
| 5. | 350300116 | FLOOD CESS | ₹626 |
| 6. | 350410102 | PROFESSION TAX | ₹77400 |

1-10 വസ്തു നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച

2021-22 വാർഷിക ധനകാര്യ പത്രികയുടെ ബി-15 പട്ടിക പ്രകാരം 16 ലക്ഷത്തിലധികം രൂപ വസ്തു നികുതി ഇനത്തിൽ കുടിശ്ശികയുണ്ട്. കുടിശ്ശിക വിവരങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | Property Tax On Residential Buildings(Current) | 140427 |
| 2 | Property Tax On Residential Buildings(Arrears) | 441190 |
| 3 | Property Tax On Non -Residential Buildings(Current) | 127497 |
| 4 | Property Tax On Non -Residential Buildings(Arrears) | 893078 |

കുടിശ്ശികയായി സൂചിപ്പിച്ചിട്ടുള്ള ഗണ്യമായ ശതമാനം തുകയും ഇതിനോടകം കാലഹരണപ്പെട്ടതോ നിലവിലില്ലാത്തതോ ആണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വരവിനങ്ങളുടെ തൻവർഷത്തെ ആകെ ഡിമാന്റ് തുകയുടെ (തന്നാണ്ട് + കുടിശ്ശിക) കുറഞ്ഞത് 90% എങ്കിലും പിരിച്ചെടുക്കാത്തപക്ഷം തുടർന്നുള്ള വർഷത്തെ വികസന

ഫണ്ട് വിഹിതത്തിൽ നിന്ന് (പൊതു വിഭാഗം) പിഴയായി 1% തുക കുറവ് ചെയ്യാൻ സർക്കാർ ധനകാര്യ വകുപ്പിന്റെ 18.10.2022-ലെ ജി.ഒ.(എം.എസ്.)179/2022 നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളത് ഏറെ ഗൗരവത്തോടെ കാണേണ്ട വിഷയമാണ്. കുടിശ്ശിക തുക കൃത്യമായി നിർണ്ണയിച്ച് പിരിച്ചെടുക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സജീവ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 1-11 ഹൈടെക് സ്കൂൾ പദ്ധതി - കമ്പ്യൂട്ടർ സാമഗ്രികൾ വിതരണം ചെയ്ത വിവരങ്ങളില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവ. എൽ.പി. സ്കൂൾ, ചിക്കണാംകുഴി |
| പ്രോജക്ട് നം. | S234/2022 |
| പേര് | ഹൈടെക് സ്കൂൾ പദ്ധതി |
| വകയിരുത്തിയ തുക | ₹146000/- ( വികസന ഫണ്ട്) |
| ചെലവഴിച്ച തുക | ₹73191/- |
| ബിൽ വിവരങ്ങൾ | BRN 2110105203401493650/ തീ.27.03.2022 |

പ്രസ്തുത പ്രോജക്ട് പ്രകാരം ലാപ്ടോപ്പും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് വേണ്ടി കെൽട്രോണിന് തുക കൈമാറിയെങ്കിലും അവ ഇതുവരെയും ലഭ്യമായിട്ടില്ല. സ്കൂളിലെ ഭൂരിഭാഗം കുട്ടികളും പട്ടിക വർഗ വിഭാഗത്തിൽപ്പെട്ട പഠിതാക്കളാണ്. അവരുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് ആവിഷ്കരിച്ച പ്രോജക്ടിന്റെ ഗുണഫലം പദ്ധതി രൂപീകരിച്ച് രണ്ട് അക്കാദമിക് വർഷം പിന്നിടുമ്പോഴും ലഭിക്കാത്ത നടപടി സ്വാഭാവിക നീതി നിഷേധത്തിന് തുല്യമാണ്. ആകയാൽ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കൈമാറിയ തുകയ്ക്കുള്ള സാധന സാമഗ്രികൾ ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 ചിക്കണാംകുഴി ഗവ. എൽ. പി. സ്കൂളിന് സോളാർ പാനൽ സ്ഥാപിക്കൽ - പൂർത്തീകരണ വിവരങ്ങളില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ ഗവ. എൽ.പി. സ്കൂൾ, ചിക്കണാംകുഴി |
| പ്രോജക്ട് നം. | S199/2022 |
| പേര് | ചിക്കണാംകുഴി ഗവ. എൽ.പി. സ്കൂളിന് സോളാർ പാനൽ സ്ഥാപിക്കൽ |
| വകയിരുത്തിയ തുക | ₹250000/- |
| ചെലവഴിച്ച തുക | ₹250000/- |
| ബിൽ വിവരങ്ങൾ | BRN 21101052013400924204/ തീ.21.12.2021 |

പ്രസ്തുത പ്രോജക്ടിന് വേണ്ടി നിർവ്വഹണ ഏജൻസിയായ അനെർട്ടിന്റെ ഇടുക്കി ജില്ല എൻജിനീയർക്ക് തുക കൈമാറിയെങ്കിലും അവ സ്ഥാപിച്ചതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയില്ല. ആകയാൽ ചെലവഴിച്ച തുക ₹2,50,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പാനലുകൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയ വിവരങ്ങൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-13 സാമൂഹ്യ സുരക്ഷാ പെൻഷൻ – പൊതു അപാകതകൾ

മാങ്കുളം ഗ്രാമപഞ്ചായത്തിന്റെ മരണ രജിസ്ട്രേഷൻ വിവരങ്ങൾ പരിശോധിച്ചതിൽ മരണപ്പെട്ട ചില ഗുണഭോക്താക്കളുടെ സേവനയിലെ പെൻഷൻ സ്റ്റാറ്റസ് നിലവിലും ആക്ടീവ് ആയി തുടരുന്നുണ്ട് എന്ന് കാണുന്നു. വിശദ

വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്/പെൻഷൻ ID | മരണപ്പെട്ട തീയതി/ രജിസ്റ്റർ ചെയ്ത തീയതി | സ്റ്റാറ്റസ് | പെൻഷൻ ഇനം/പെൻഷൻ നൽകുന്ന സ്ഥാപനം | അനുവദിച്ച തുക ₹ |
|---|---|---|---|---|---|
| 1 | കറുപ്പയ്യ കൃഷ്ണൻ Xxxx0712 | 14.11.2021 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ മാങ്കുളം ഗ്രാമപഞ്ചായത്ത് | 20800 |
| 2 | വർക്കി പൈലി Xxxx1105 | 21.12.2021 | ആക്ടീവ് | - ടി - | 19200 |
| 3 | ജി. രാജൻ Xxxx2535 | 16.03.2022 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ വെള്ളത്തുവൽ ഗ്രാമപഞ്ചായത്ത് | 14400 |
| 4 | ജോയി ഫ്രാൻസിസ് Xxxx1376 | 06.09.2022 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ മാങ്കുളം ഗ്രാമപഞ്ചായത്ത് | 4800 |
| 5 | കൃഷ്ണൻ അയ്യപ്പൻ Xxxx1007 | 14.10.2022 | ആക്ടീവ് | - ടി - | 3200 |
| 6 | ശിവൻ കുഞ്ഞൻ Xxxx0331 | 24.10.2022 | ആക്ടീവ് | - ടി - | 3200 |
| 7 | വർഗീസ് സേവ്യർ Xxxx1127 | 26.09.2022 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് | 4800 |
| 8 | ത്രേസ്യാ മത്തായി Xxxx0074 | 29.11.2021 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ മാങ്കുളം ഗ്രാമപഞ്ചായത്ത് | 19200 |
| 9 | ചാണ്ടി ഫ്രാൻസിസ് Xxxx6909 | 13.10.2021 | ആക്ടീവ് | കർഷക പെൻഷൻ | 20800 |
| 10 | തങ്കപ്പൻ രാഘവൻ Xxxx0424 | 18.04.2021 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ മാങ്കുളം ഗ്രാമപഞ്ചായത്ത് | 32000 |

മരണപ്പെട്ടവർക്ക് പെൻഷൻ നൽകുന്നതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/തീ.09.03.2023) മറുപടി ലഭ്യമാക്കിയില്ല. മേൽ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന പെൻഷനുകൾ സസ്പെൻഡ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

1-14 സാമൂഹ്യ സുരക്ഷാ പെൻഷൻ - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

ധനകാര്യ വകുപ്പിന്റെ 02.08.2021-ലെ 63/2021 നമ്പർ സർക്കുലറിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ മരണപ്പെടുന്ന ഗുണഭോക്താക്കളെ യഥാസമയം പെൻഷൻ ലിസ്റ്റിൽ നിന്നും നീക്കുന്നതിന് ചുവടെ ചേർക്കുന്ന വ്യവസ്ഥ പാലിക്കാൻ പ്രാദേശിക സർക്കാരുകളോട് നിർദ്ദേശിച്ചിട്ടുണ്ട്.

1. പ്രാദേശിക സർക്കാരിൽ അതത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാർ പരിധിയിൽ സ്ഥിര താമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം, അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി, മരണപ്പെട്ട വ്യക്തി സ്ഥിര താമസമാക്കിയിരുന്ന പ്രാദേശിക സർക്കാരിൽ തൊട്ടടുത്ത മാസം 10-ാം തീയതിക്ക് മുമ്പ് അറിയിക്കേണ്ടതാണ്.

2. എല്ലാ പ്രാദേശിക സർക്കാർ പരിധിക്കുള്ളിലും മരണപ്പെടുന്നവരുടെ വിവരങ്ങൾ 3 മാസത്തിലൊരിക്കൽ ധനകാര്യ (എസ്.എഫ്.സി. - ബി) വകുപ്പിൽ അറിയിക്കേണ്ടതാണ്.

3. പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടാൽ ഗുണഭോക്താക്കളുടെ അവകാശികളോ അടുത്ത ബന്ധുക്കളോ പ്രസ്തുത വിവരം ബന്ധപ്പെട്ട പ്രദേശിക സർക്കാരിൽ വീഴ്ച കൂടാതെ അറിയിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന സത്യപ്രസ്താവന സാമൂഹ്യ സുരക്ഷ

പെൻഷൻ ഗുണഭോക്താക്കളിൽ/അപേക്ഷകരിൽ നിന്നും വാങ്ങേണ്ടതാണ്. മേൽ വിഷയങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/തീ. 09.03.2022) മറുപടി ലഭ്യമാക്കിയില്ല.

സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ/അപേക്ഷകരിൽ നിന്നും സത്യപ്രസ്താവന വാങ്ങേണ്ടതും സാമൂഹ്യ സുരക്ഷ പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ പ്രാദേശിക സർക്കാർ പരിധിയിൽ മരണപ്പെടുന്നപക്ഷം മേൽ സർക്കുലർ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 കവിതക്കാട് അങ്കണവാടി അറ്റകുറ്റപ്പണി - അപാകതകൾ

| | |
|---|---|
| പ്രോജക്ട് | കവിതക്കാട് അങ്കണവാടി-അറ്റകുറ്റപ്പണി<br>പ്രോജക്ട്നമ്പർ – 113/21-22 |
| അളവ് ബുക്ക് നമ്പർ | 139/21-22 |
| കരാറുകാരൻ | ശ്രീ. എബിൻ കെ. എൽദോസ് |
| കരാർ നമ്പർ | 26/AE/LSGD/MKLM/21-22/തീ. 14.12.2021 |
| അടങ്കൽ തുക | ₹300000/-<br>മെയിന്റനൻസ് ഫണ്ട് – റോഡിതരം |
| ബിൽ റഫറൻസ് നമ്പർ/തീയതി/തുക | 21101052011701348320/തീ. 11.3.2022, ₹296252/- |

കവിതക്കാട് അങ്കണവാടി അറ്റകുറ്റപ്പണി നടത്തുന്നതിനായി തയ്യാറാക്കിയതാണ് ഈ പദ്ധതി.

പ്രസ്തുത പ്രോജക്ടിലെ ഇനം-19 പ്രകാരം അടുക്കള സ്ലാബിന്റെ മുകൾവശം 6 എം.എം കനത്തിൽ പ്ലാസ്റ്ററിംഗ് ചെയ്തശേഷം (സ്പെസിഫിക്കേഷൻ കോഡ് 13.16.1) ടി പ്രതലത്തിന് മുകളിൽ ഇനം നം. 21 പ്രകാരം 8.82 എം2 (8.3.1) 12 എം. എം. സിമന്റ് മോർട്ടാർ ഉപയോഗിച്ച് സെറാമിക്ക് ടൈൽ വിരിച്ചിട്ടുണ്ട്. ടൈൽ വിരിക്കുന്ന സമയത്ത് പ്രതലം മുൻകൂർ സിമന്റ് മോർട്ടോർ ഉപയോഗിച്ച് ഉറപ്പിക്കുന്നതിനാൽ പ്രസ്തുത പ്ലാസ്റ്റർ ചെയ്യേണ്ട ആവശ്യകത ഇല്ലാത്തതാണ്. ആകയാൽ ഇനം 19-ന് തുക അനുവദിച്ച് നൽകിയ നടപടി അംഗീകരിക്കത്തക്കതല്ല.

| | |
|---|---|
| ഇനം-19-13.16.1/പേജ്-41/7.08 എം2 | 425.01 X7.08 =1953.73 |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.9/തീ. 09-03-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. നഷ്ട തുക ₹1,954/- ബന്ധപ്പെട്ട കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്.

## 1-16 ഐറിഷ് ഓട നിർമ്മാണ പ്രവൃത്തികൾക്ക് അധിക തുക നൽകി

ഗ്രാമ പഞ്ചായത്ത് തൻവർഷം നടപ്പാക്കിയ താഴെ പറയുന്ന ഐറിഷ് ഓട നിർമാണ പ്രവൃത്തികളിൽ 1:2:4 അനുപാതത്തിലുള്ള Irish Drain ചെയ്തതിന് 2016-ലെ MORD സ്പെസിഫിക്കേഷൻ കോഡ് 11.4.1.1 പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ഇത് സൈഡ് ഷട്ടറിംഗ് ഉൾപ്പെടെ ചെയ്യുന്നതിനുള്ള നിരക്കാണ്. ഈ പ്രവൃത്തികളുടെ സൈറ്റ് 08.03.2022-ൽ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചതിൽ സൈഡ് ഷട്ടറിംഗ് നടത്തിയിട്ടില്ലായെന്ന് ബോധ്യപ്പെട്ടു. സൈഡ് ഷട്ടറിംഗ് ചെയ്യാതിരുന്നതിനാൽ അതിന്റെ നിരക്ക് കുറവ് ചെയ്ത തുക അനുവദിക്കുന്നതിന് പകരം MORD SOR 11.4.1.1 പ്രകാരമുള്ള നിരക്ക് നൽകിയത് വഴി അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

നൽകാവുന്ന നിരക്ക്

| | |
|---|---:|
| അടിസ്ഥാന നിരക്ക് | ₹4577.77 |
| 10 % OH | ₹457.77 |

| | |
|---|---|
| ആകെ | ₹5035.54 |
| CP | ₹503.55 |
| ആകെ | ₹5539.09 |
| കോസ്റ്റ് ഇൻഡക്സ് 49.69% | ₹2752.37 |
| ആകെ നൽകാവുന്ന നിരക്ക് | ₹8291.46 |

| ക്രമ നം. | പ്രവൃത്തിയുടെ പേര് | എം.ബുക്ക് പ്രകാരമുള്ള അളവ് (എം3) | നൽകാവുന്ന നിരക്ക്( ₹) | നൽകിയ തുക ₹ | അധികം നൽകിയ തുക ₹ (GST 10% ഉൾപ്പെടെ) |
|---|---|---|---|---|---|
| 1 | അറക്കപ്പറമ്പിൽ റോഡ്-179/21-22 (Irish Drain) കോൺട്രാക്ടർ-ജിൻസ് തങ്കപ്പൻ എം.ബുക്ക്.നം-448/21-22 ബിൽ റഫറൻസ് നം.-21101052011701348319/11.3.2022/ ₹233888/- കരാർ നം.50/AE/LSGD/MKLM/ തീ. 03.02.2021 അടങ്കൽ ₹297580/- CFC Grant 49.69% | 17.32 പേജ്-നം.19 | 8291.46 | 8623.14 | 331.68 X17.32 = 5745 GST-10% 575 = 6320/- |

തുക അധികം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.8/തീ.09-03-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. നഷ്ട തുക₹6,320/- ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കാത്തപക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്.

1-17 ബസ് സ്റ്റാന്റിന് സ്ഥലം ഒരുക്കൽ - അപാകതകൾ

| | |
|---|---|
| പ്രോജക്ട് | ബസ് സ്റ്റാന്റ് സ്ഥലം ഒരുക്കൽ<br>പ്രോജക്ട്നമ്പർ – 162/21-22 |
| അളവ് ബുക്ക് നമ്പർ | 286/21-22 |
| കരാറുകാരൻ | ശ്രീ. വർഗ്ഗീസ് കെ. കെ. |
| കരാർ നമ്പർ | 50/AE/LSGD/MKLM/21-22/തീ. 16.07.2021 |

| | |
|---|---|
| അടങ്കൽ തുക ₹ | ₹500000/-<br><br>വികസന ഫണ്ട് ജനറൽ |
| ബിൽ റഫറൻസ് നമ്പർ/തീയതി/തുക | 211010520117000210784/തീ. 16.07.2021 ₹500,000/- |

മാങ്കുളം ടൗണിൽ ബസ് സ്റ്റാന്റിന് സ്ഥലം ഒരുക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. പദ്ധതി പ്രകാരം മണ്ണ് മാറ്റുന്നതിനായി മാത്രം തൻവർഷം ₹5,00,000/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി പൂർണ്ണമായി നടപ്പിലാക്കുകയോ ബസ് സ്റ്റാന്റ് നിർമ്മാണം സാധ്യമാക്കുകയോ ചെയ്തിട്ടില്ല. ആകയാൽ മുൻ വർഷങ്ങളിൽ ഉൾപ്പെടെ പ്രസ്തുത പദ്ധതിക്കായി ചെലവാക്കിയ തുകകളും പാഴ്ചെലവായി മാറിയിട്ടുണ്ട്. പ്രോജക്ട് ലക്ഷ്യം കൈവരിക്കാത്തതിനാൽ തൻവർഷത്തെ ചെലവ് തുക (₹5,00,000/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പ്രസ്തുത അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7/തീ. 09-03-2023) മറുപടി ലഭ്യമാക്കിയില്ല.

1-18 വിരിഞ്ഞപാറ അങ്കണവാടി-അറ്റകുറ്റപ്പണി നടത്തിയതിലെ അപാകതകൾ.

| | |
|---|---|
| പ്രോജക്ട് | വിരിഞ്ഞപാറ അങ്കണവാടി-അറ്റകുറ്റപ്പണി<br><br>പ്രോജക്ട്നമ്പർ – 226/21-22 |
| അളവ് ബുക്ക് നമ്പർ | 312/21-22 |
| കരാറുകാരൻ | ശ്രീ. സിബിച്ചൻ വി.എസ് |
| കരാർ നമ്പർ | 42/AE/LSGD/MKLM/21-22/31.1.2022 |
| അടങ്കൽ തുക | ₹370806/-<br><br>(₹237000/-വികസന ഫണ്ട് ജനറൽ<br><br>₹133806/-ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ബിൽ റഫറൻസ് നമ്പർ/തീയതി/തുക | 21101052011701085284 തീ. 24.1.*2022 ₹213256/-* |

വിരിഞ്ഞപാറ അങ്കണവാടിയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തയ്യാറാക്കിയതാണ് ഈ പദ്ധതി. പദ്ധതിയുടെ സൈറ്റ് 08.03.2023-ൽ ഗ്രാമപഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നേരിട്ട് പരിശോധിച്ചതിൽ എപ്പോക്സി പെയിന്റ് എന്നയിനം യഥാർത്ഥത്തിൽ ചെയ്തിട്ടില്ലായെന്ന് ബോധ്യമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം/അളവ് പുസ്തകത്തിന്റെ പേജ് നമ്പർ/ സ്പെസിഫിക്കേഷൻ | അളവ് | നൽകിയ നിരക്ക് ₹ |
|---|---|---|
| 34/ 59/13.52.1 – എപ്പോക്സി പെയിന്റ് ചെയ്യൽ | 18.47 എം2/ 230.30 | 4253.64 |

യഥാർത്ഥത്തിൽ ചെയ്യാത്ത ഇനം ചെയ്തതായി രേഖപ്പെടുത്തി തുക അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.6/തീ.09-03-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. നഷ്ട തുക ₹4,254/- ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് ബന്ധപ്പെട്ട കരാറുകാരനിൽ നിന്ന് ഈടാക്കാത്തപക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്.

1-19 ഓഡിറ്റ് ഇംപാക്റ്റ്-ബിൽതുക പൂർണമായി നൽകിയിട്ടും പൂർത്തീകരിക്കാൻ ശേഷിച്ച പ്രവൃത്തികൾ ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയതിനെത്തുടർന്ന് നടപ്പാക്കി

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വെറ്ററിനറി ആശുപത്രി അറ്റകുറ്റപ്പണി<br>പ്രോജക്ട്നമ്പർ – 99/21-22 |
| അളവ് ബുക്ക് നമ്പർ | 307/21-22 |
| കരാറുകാരൻ | ശ്രീ. സിബിച്ചൻ വി. എസ്. |
| കരാർ നമ്പർ | 46/AE/LSGD/MKLM/21-22/8.2.2022 |
| അടങ്കൽ തുക | ₹913000/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം ) |
| ബിൽ റഫറൻസ് നമ്പർ/തീയതി/തുക | 21101052011701515988/30.03.2022, ₹709685/- |

വെറ്ററിനറി ആശുപത്രി അറ്റകുറ്റപ്പണി നടത്തുന്നതിനായി തയ്യാറാക്കിയതാണ് ഈ പദ്ധതി. പദ്ധതി സൈറ്റ് 08.03.2023-ൽ പഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നേരിട്ട് പരിശോധിച്ചതിൽ താഴെ പറയുന്ന ഇനങ്ങൾ ചെയ്യാതെയാണ് ഫൈനൽ ബിൽത്തുക അനുവദിച്ചതെന്ന് ബോധ്യപ്പെട്ടു.

| ക്രമ നം. | ഇന നമ്പർ/അളവ് പുസ്തകത്തിന്റെ പേജ്/ ചെയ്യേണ്ട പ്രവൃത്തി | അളവ് | നൽകിയ നിരക്ക് ₹ |
|---|---|---|---|
| 1 | 12/36/50.9.1.1 – കതക് | 0.04 എം3/110614.58 | 4424 |
| 2 | 15/39/50.9.3.1 – വാൾ ടൈൽ | 5.34 എം2/1250.71 | 6678 |
| 3 | 18/41/13.43.1 – സിമന്റ് പ്രൈമർ | 61.26 എം2/7285 | 4462 |
| 4 | 19/41/13.50.1 – സിമന്റ് പെയിന്റ് | 61.26 എം2/110.75/ | 6784 |
| 5 | 22/43/13.52.1 – എപ്പോക്സി പെയിന്റ് | 114.25 എം2/230.30 | 26311 |

മേൽ പട്ടികയിൽ പരാമർശിച്ച ഇനങ്ങൾ യഥാർത്ഥത്തിൽ ചെയ്യാതെ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി തുക അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.5/തീ.09-03-2023) സമർപ്പിച്ച മറുപടിയിൽ പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചതായി അറിയിക്കുകയും ആയതിന്റെ ഫോട്ടോകൾ പരിശോധനയ്ക്കായി ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. ചെയ്യാത്ത പ്രവൃത്തി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തുകയും അത് അടിസ്ഥാനപ്പെടുത്തി തുക അനുവദിക്കുകയും ചെയ്ത നടപടി ഗുരുതരമായ വീഴ്ചയാണ്. ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയതിനെ തുടർന്ന് പ്രവൃത്തി പൂർത്തീകരിച്ചതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി പരിഗണിച്ച് തുടർ നടപടികൾ ഒഴിവാക്കുന്നു.

ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ കർശനമായി ശ്രദ്ധിക്കേണ്ടതാണ്.

1-20 ടെൻഡർ നിരക്ക് പരിഗണിക്കാതെ കരാർ ഉറപ്പിച്ച് നൽകി

തൻവർഷം അസി. എൻജിനീയർ നടപ്പാക്കിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ വേളയിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരെ മറി കടന്ന് ഉയർന്ന നിരക്ക് ക്വോട്ട് ചെയ്തവർക്ക് കരാർ ഉറപ്പിച്ച് നൽകിയതിലൂടെ പഞ്ചായത്തിന് ധനനഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പേഴനാൽ ഗിരീഷ് പടി-സൂബൈർ പടി റോഡ് കോൺക്രീറ്റ്

| | |
|---|---|
| പ്രോജക്ട് നം., പേര് | 37/22, പേഴനാൽ ഗിരീഷ് പടി-സൂബൈർ പടി റോഡ് കോൺക്രീറ്റ് |
| അടങ്കൽ | ₹400000/- വികസനഫണ്ട് |
| ബിൽ നമ്പർ | 21101052011701048567/തീ. 02/02/2022, ₹356710/- |
| എം. ബുക്ക് നമ്പർ | 113/21-22 |

| | |
|---|---|
| കരാർ നമ്പർ | 13/AE/LSGD/MK, DT 10/09/21 |

ടെണ്ടർ വിശദാംശങ്ങൾ

| കരാറുകാരന്റെ പേര് | ക്വോട്ട് ചെയ്ത തുക |
|---|---|
| സുബാഷ് ഇ. എസ്. | എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 10 ശതമാനം കുറവ് |
| ജിസ് തങ്കപ്പൻ | എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 10.8 ശതമാനം കുറവ് |
| ജോസ് വർഗീസ് മാത്യു | എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 25.8 ശതമാനം കുറവ് |

ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത ജോസ് വർഗീസ് മാത്യുവിനെ മറി കടന്ന് ജിസ് തങ്കപ്പൻ എന്ന കരാറുകാരനാണ് കരാർ ഉറപ്പിച്ച് നൽകിയത്. തൻമൂലം കരാറുകാരന് അധിക തുക നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ വിശദാംശം | എം. ബുക്ക് പ്രകാരം നൽകിയ തുക ₹ | നൽകാവുന്ന തുക ₹ |
|---|---|---|
| ആകെ പ്രവൃത്തിമൂല്യം | 357058 | 357058 |
| ടെണ്ടർ കുറവ് – 10.8% | 38562 | 92121 (ടെണ്ടർ കുറവ് 25.8%) |
| ആകെ | 318491 | 264937 |
| ജി.എസ്.ടി. - 12% (കൂട്ടുക) | 38219 | 31792 |
| ആകെ | 356710 | 296729 |
| റിക്കവറികൾ<br>ജി.എസ്.ടി 2%<br>ഇൻകംടാക്സ് 1%<br>തൊഴിലാളി ക്ഷേമനിധി വിഹിതം 1%<br>ആകെ | 6370<br>3185<br>3185<br>12740 | 5299<br>2649<br>2649<br>10597 |
| കരാറുകാരന് നൽകാവുന്ന തുക (356710-12740) | 343970 | 286132 (296729-10597) |
| അധികം നൽകിയ തുക (343970-286132) | 57838 | |

2) പാമ്പുംകയം അംഗൻവാടി മെയിന്റനൻസ്

| | |
|---|---|
| പ്രോജക്റ്റ് നം., പേര് | 75/22, പാമ്പുംകയം അംഗൻവാടി മെയിന്റനൻസ് |
| അടങ്കൽ | ₹300000/- വികസനഫണ്ട് |
| ബിൽ നമ്പർ | 21101052011701516042/തീ. 30/03/2022, ₹279209/- |
| എം. ബുക്ക് നമ്പർ | 432/2021-22 |
| കരാർ നമ്പർ | 43/AE/LSGD/MK, DT. 24/01/2022 |

ടെണ്ടർ വിശദാംശങ്ങൾ

| കരാറുകാരന്റെ പേര് | ക്വോട്ട് ചെയ്ത തുക |
|---|---|

| | |
|---|---|
| എബ്രാഹം ഇട്ടിയവിര | എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 12.8 ശതമാനം കുറവ് |
| തോമസ് ജോർജ് | എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 20ശതമാനം കുറവ് |
| കെ. പി. സജീവൻ | എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 5 ശതമാനം കുറവ് |

ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത തോമസ് ജോർജിനെ മറികടന്ന് എബ്രാഹം ഇട്ടിയവിര എന്ന കരാറുകാരനാണ് കരാർ ഉറപ്പിച്ച് നൽകിയത്. തൻമൂലം കരാറുകാരന് അധിക തുക നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ വിശദാംശം | എം. ബുക്ക് പ്രകാരം നൽകിയ തുക ₹ | നൽകാവുന്ന തുക ₹ |
|---|---|---|
| ആകെ പ്രവൃത്തിമൂല്യം | 285888 | 285888 |
| ടെണ്ടർ കുറവ് *12.8% | 36594 | 57178 (ടെണ്ടർ കുറവ് 20%) |
| ആകെ | 249294 | 228710 |
| ജി.എസ് ടി-12% (കൂട്ടുക) | 29915 | 27445 |
| ആകെ | 279209 | 256155 |
| റിക്കവറികൾ<br>ജി.എസ്.ടി 2%<br>ഇൻകംടാക്സ് 1%<br>തൊഴിലാളി ക്ഷേമനിധി വിഹിതം 1%<br>ആകെ | 4936<br>2493<br>2493<br>9972 | 4574<br>2287<br>2287<br>9148 |
| കരാറുകാരന് നൽകാവുന്ന തുക (279209-9972) | 269237 | 247007(256155-9148) |
| അധികം നൽകിയ തുക (269237-247007) | 22230 | |

കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരെ മറി കടന്ന് ഉയർന്ന നിരക്ക് ക്വോട്ട് ചെയ്ത കരാർ ഉറപ്പിച്ച് നൽകിയ നടപടിയിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.03/തീ.09.03.2023) മറുപടി നല്കാത്ത സാഹചര്യത്തിലും ടെണ്ടർ സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിക്കുന്നതിന് ടെണ്ടർ രജിസ്റ്റർ ഓഡിറ്റ് വേളയിൽ ലഭ്യമല്ലാതിരുന്ന സാഹചര്യത്തിലും അധികം നൽകിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വിരിഞ്ഞപാറ അങ്കണവാടി അറ്റകുറ്റപ്പണി നടത്തിയതിലെ അപാകതകൾ

വിരിഞ്ഞപാറ അങ്കണവാടിയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തയ്യാറാക്കിയ ഈ പദ്ധതിയിൽ എപ്പോക്സി പെയിന്റ് ചെയ്യൽ എന്ന ഇനം ചെയ്തിട്ടില്ല എന്ന് നേരിട്ടുള്ള പരിശോധനയിൽ ബോധ്യപ്പെട്ടു. യഥാർത്ഥത്തിൽ ചെയ്യാത്ത ഇനം ചെയ്തതായി രേഖപ്പെടുത്തി തുക അനുവദിച്ചത് മൂലം ₹4,254/- പഞ്ചായത്തിന് നഷ്ടമായി. വിശദാംശങ്ങൾ ഖണ്ഡിക 1-18ൽ ഉൾപ്പെടുത്തിയത് കാണുക. ആയത് ഈ ഖണ്ഡികയുടെ ഭാഗമായിരിക്കും. അധികം നൽകിയ തുക ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്. ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 4-10(ബി)യിൽ പേര് ചേർത്തിരിക്കുന്ന ഉദ്യോഗസ്ഥൻ ഈ നഷ്ടത്തിന് ബാധ്യതപ്പെട്ടിരിക്കുന്നു.

## 3-2 ഐറിഷ് ഓട നിർമാണ പ്രവൃത്തികൾക്ക് അധികം തുക നൽകി

ഗ്രാമപഞ്ചായത്ത് തൻവർഷം നടപ്പാക്കിയ അറക്കപ്പറമ്പിൽ റോഡ് ഐറിഷ് ഓട നിർമാണ പ്രവൃത്തിയിൽ 1:2:4 അനുപാതത്തിലുള്ള Irish Drain ചെയ്തതിന് 2016-ലെ MORD സ്പെസിഫിക്കേഷൻ കോഡ് 11.4.1.1 പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ഇത് സൈഡ് ഷട്ടറിംഗ് ഉൾപ്പെടെ ചെയ്യുന്നതിനുള്ള നിരക്കാണ്. ഈ പ്രവൃത്തികളുടെ സൈറ്റ് നേരിൽ പരിശോധിച്ചതിൽ സൈഡ് ഷട്ടറിംഗ് നടത്തിയിട്ടില്ലായെന്ന് ബോധ്യപ്പെട്ടു. സൈഡ് ഷട്ടറിംഗ് ചെയ്യാതിരുന്നതിനാൽ അതിന്റെ നിരക്ക് കുറവ് ചെയ്ത തുക അനുവദിക്കുന്നതിന് പകരം MORD SOR 11.4.1.1 പ്രകാരമുള്ള നിരക്ക് നൽകിയത് വഴി ₹6,320/- അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 1-16ൽ ഉൾപ്പെടുത്തിയത് കാണുക. ആയത് ഈ ഖണ്ഡികയുടെ ഭാഗമായിരിക്കും. അധികം നൽകിയ തുക ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്. ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 4-10(ബി)യിൽ പേര് ചേർത്തിരിക്കുന്ന ഉദ്യോഗസ്ഥൻ ഈ നഷ്ടത്തിന് ബാധ്യതപ്പെട്ടിരിക്കുന്നു.

## 3-3 ടെണ്ടർ നിരക്ക് പരിഗണിക്കാതെ കരാർ ഉറപ്പിച്ച് നൽകിയത് മൂലം പഞ്ചായത്തിന് നഷ്ടം

2021-22 വർഷം അസി. എഞ്ചിനീയർ നടപ്പാക്കിയ രണ്ട് മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ വേളയിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരെ മറികടന്ന് ഉയർന്ന നിരക്ക് ക്വോട്ട് ചെയ്തവർക്ക് കരാർ ഉറപ്പിച്ച് നൽകിയതിലൂടെ പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്.

1) പേഴനാൽ ഗിരീഷ് പടി-സുബൈർ പടി റോഡ് കോൺക്രീറ്റ് പ്രവൃത്തിയിൽ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത ജോസ് വർഗീസ് മാത്യുവിനെ മറി കടന്ന് ജിസ് തങ്കപ്പന് കരാർ ഉറപ്പിച്ച് നൽകിയത് മൂലം ₹57,838/- അധികം നൽകിയത് പഞ്ചായത്തിന് നഷ്ടമായി.

2) പാമ്പുംകയം അംഗൻവാടി മെയിന്റനൻസ് എന്ന പ്രവൃത്തിയിൽ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത തോമസ് ജോർജ്ജിനെ മറി കടന്ന് എബ്രഹാം ഇട്ടിയവരയ്ക്ക് കരാർ ഉറപ്പിച്ച് നൽകിയത് മൂലം ₹22,230/- അധികം നൽകിയത് പഞ്ചായത്തിന് നഷ്ടമായി. വിശദാംശങ്ങൾ ഖണ്ഡിക 1-20ൽ ഉൾപ്പെടുത്തിയത് കാണുക. ആയത് ഈ ഖണ്ഡികയുടെ ഭാഗമായിരിക്കും.

ഇപ്രകാരം നഷ്ടമായ ₹80,068/-(57838+22230) ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്. ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 4-10(ബി)യിൽ പേര് ചേർത്തിരിക്കുന്ന ഉദ്യോഗസ്ഥൻ ഈ നഷ്ടത്തിന് ബാധ്യതപ്പെട്ടിരിക്കുന്നു.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | ഓഡിറ്റിനൊപ്പം പരിശോധിച്ച | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട് |

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| തുക അനുവദിച്ച സ്ഥാപനം | ലഭിച്ച തുക ₹ | പ്രോജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 268567 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 268567 | 00 |
| ബ്ലോക്ക് പഞ്ചായത്ത് | 1960000 | ലൈഫ് ഭവന പദ്ധതി (എസ്.സി.)എസ്.140/2022 | 1960000 | 00 |
| ബ്ലോക്ക് പഞ്ചായത്ത് | 123800 | ലൈഫ് ഭവന പദ്ധതി (എസ്.സി.)എസ്.150/2022 | 123800 | 00 |
| ബ്ലോക്ക് പഞ്ചായത്ത് | 4354184 | ലൈഫ് ഭവന പദ്ധതി (എസ്.റ്റി) എസ്.151/2022 | 4354184 | 00 |

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് ₹3,28,413/- മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കേരള ജല അതോറിറ്റി പൊതുജനാരോഗ്യ വിഭാഗം എക്സി. എൻജിനീയർ തൊടുപുഴ | SO143/22 പെരുവൻകുത്ത് കുടിവെള്ളപദ്ധതി | 22100955/ തീ.31.03.2022 | 127302 | വ്യക്തമല്ല | വ്യക്തമല്ല |
| കേരള ജല അതോറിറ്റി പൊതുജനാരോഗ്യ വിഭാഗം എക്സി. എൻജിനീയർ തൊടുപുഴ | SO140/22 അമ്പലക്കുന്ന് കുടിവെള്ളപദ്ധതി | 22100956/ തീ.31.03.2022 | 73809 | വ്യക്തമല്ല | വ്യക്തമല്ല |
| ഭൂജല വകുപ്പ് ജില്ലാ കാര്യാലയം ഇടുക്കി | പഞ്ചായത്ത് ഓഫീസിന് കുഴൽക്കിണർ നിർമാണം, പമ്പ് സെറ്റ്, ജല വിതരണ സംവിധാനം ഒരുക്കൽ | 22100954/ തീ.31.03.2022 | 127302 | വ്യക്തമല്ല | വ്യക്തമല്ല |

4-4 മൊബിലൈസേഷൻ മുൻകൂർ വിവരം

– ഇല്ല –

4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് ലൈഫ് പദ്ധതി വായ്പയിനത്തിൽ ₹2,20,000/- വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | വരവ് ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| | തീയതി | ബാക്കിയുണ്ടായിരുന്ന തുക ₹ | | | | ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി കെ.യു.ആർ. ഡി.എഫ്.സി. | 8/സ.ഉ(സാധാ) 110/201 തീ. 13.08.2018 | 77670255 | 220000 | 5866667 | - | 72023588 |
| ജവഹർ ഭവന പദ്ധതി | 15/ ത.സ്വ.ഭ.വ/1577/ സ.ഉ(സാധാ) തീ. 27.5.2015 | 2999500 | - | 284402 | - | 2715098 |

വായ്പ രജിസ്റ്റർ അപൂർണ്ണമാണ്. അത് കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ജവഹർ വായ്പ തിരിച്ചടവ് ആർ.പി.-32ൽ ഉൾപ്പെടുത്തിയിട്ടില്ല. ലൈഫ് ഭവന പദ്ധതി വായ്പയിനത്തിൽ സ്രോതസ്സിൽ നിന്ന് കുറവ് വരുത്തിയ മുഴുവൻ തുകയുടെയും വിവരങ്ങൾ ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

4-6 സ്ഥിര നിക്ഷേപം

- ഇല്ല -

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം ₹26,136/- ലഭിച്ചതായി ധനകാര്യ പത്രികയിൽ രേഖപ്പെടുത്തലുണ്ട്. എന്നാൽ പ്രസ്തുത തുക ഈ വകുപ്പിൽ നിന്ന് പുറപ്പെടുവിച്ച റിപ്പോർട്ടുകളെ ആസ്പദമാക്കിയുള്ളതല്ല. ഇതിൽ ₹20,661/- 2019-20 വർഷത്തെ ഓഡിറ്റ് വേളയിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനെ തുടർന്ന് ഒടുക്കിയതും ശേഷിക്കുന്ന ₹5,475/- സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ളതുമായ തുകയാണ്.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-1 | 2010-11 | 5.2.22(1) | വൈദ്യുതി ഇല്ലാതെ വൈദ്യുതി നിലയം ചെലവ് ₹83.57 ലക്ഷം | തീർപ്പ് കല്പിച്ചിട്ടില്ല |

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

– ഇല്ല -

(ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട | ഈടാക്കിയ | | | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | സ്ഥാനം, ഭരണ വകുപ്പ് | | | തീയതി) | തുക (തീയതി) | തുക | തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2001-02 | 2-5 | ശ്രീ. കെ. വിജയകുമാർ | LF-19385/ Sp.cell/ CSC/C1/04 Dt.13.07.15 | 1100 | | | | | | 1100 | |
| 2 | 2001-02 | 2-6 | ശ്രീ. കെ. വിജയകുമാർ | LF-19385/ Sp.cell/ CSC/C1/04 Dt.13.07.15 | 4955 | | | | | | 4955 | |
| 3 | 2001-02 | 2-7 | ശ്രീ. പി. എൻ. സുരേന്ദ്രൻ കൃഷി ഓഫീസർ | LF-19385/ Sp.cell/ CSC/C1/04 Dt.05.05.2005 | 14100 | | | | | | 14100 | |
| 4 | 2003-04 | 3-2 | ശ്രീ. പി. വി. മത്തായി അസി. എൻജിനീയർ | LF-14221/ Sp.cell/ CSC/C1/07 Dt.17.10.09 | 9137 | | | | | | 9137 | |
| 5 | 2003-04 | 3-2 | ശ്രീ. കെ. ജെ. ജോസ് അസി.എക്സി. എൻജിനീയർ | LF-14221/ Sp.cell/ SC2/07 Dt.17.10.09 | 9138 | | | | | | 9138 | |
| 6 | 2010-11 | 3-8 | ശ്രീ. കെ. സുബ്രഹ്മണ്യൻ അസി. എൻജിനീയർ | LF-2408/ Sp.cell/ CSC/C1/14 Dt.08.03.2016 | 6207 | Rt.No. 11605100222 Dt.22.07.16 | | | | 6207 | 0 | |

4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹30835436 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹77065280 |
| ആകെ | ₹107900716 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹82652000 |
| നീക്കിയിരിപ്പ് | ₹25248716 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത ചെലവ് | ₹90067 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹823191 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർച്ചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | - | 4254 | ശ്രീ. കെ. ബി. സതീഷ് കുമാർ,<br>ഓവർസിയർ |

| | | | |
|---|---|---|---|
| 3-2 | - | 5745 | ശ്രീ. വിപിൻകൃഷ്ണ<br>അസി. എൻജിനിയർ |
| 3-3 | - | 80068 | ശ്രീ. കെ. ബി. സതീഷ് കുമാർ, ഓവർസിയർ (₹57838/-)<br>ശ്രീ. വിപിൻകൃഷ്ണ, അസി. എൻജിനിയർ (₹22230/-) |
| | ആകെ | 90067 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 73191 | ശ്രീമതി പി. കനി<br>ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്. ചിക്കണാംകുടി |
| 1-12 | 250000 | ശ്രീമതി പി. കനി<br>ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ് ചിക്കണാംകുടി |
| 1-17 | 500000 | ശ്രീ. കെ. ബി. സതീഷ് കുമാർ<br>ഓവർസിയർ |
| ആകെ | 823191 | |

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 575 | ശ്രീ. വിപിൻകൃഷ്ണ<br>അസി. എൻജിനീയർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

- ഇല്ല -

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ച നഷ്ടത്തിന്/തടസ്സത്തിനുത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഔദ്യോഗിക മേൽവിലാസവും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. കെ. ബി. സതീഷ് കുമാർ<br>ഓവർസിയർ | ലഭ്യമല്ല | കരിങ്ങാട്ടിൽ വീട്<br>കൈപ്പുഴ വടക്ക്<br>മുളനട<br>പത്തനംതിട്ട |
| ശ്രീ. വിപിൻകൃഷ്ണ<br>അസി. എൻജിനീയർ | അസി. എൻജിനീയർ<br>മാങ്കുളം ഗ്രാമപഞ്ചായത്ത് | ശ്രീഹരി<br>പോങ്ങുമൂട്<br>മെഡിക്കൽ കോളേജ്<br>തിരുവനന്തപുരം-695011 |

| | | |
|---|---|---|
| ശ്രീമതി. പി. കനി<br>ഹെഡ്മിസ്ട്രസ്<br>ജി.എൽ.പി.എസ്.<br>ചിക്കണാംകുടി | ഹെഡ്മിസ്ട്രസ്<br>ജി.എൽ.പി.എസ്.<br>ഹെലിബറിയ<br>ഏലപ്പാറ | സ്വർണലയ ഹൗസ്<br>ഏലപ്പാറ പി. ഒ.<br>ഇടുക്കി – 685501 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2001-02 | എൽ.എഫ്.ഐ-9/63/03/<br>തീ. 07-02-04 | 02 | 2-5, 2-6 |
| 2003-04 | എൽ.എഫ്.ഐ-9/503/06/<br>തീ. 24-08-2006 | 01 | 3-2 |
| 2004-05 | എൽ.എഫ്.ഐ-9/1073/<br>തീ. 07/03-09-2009 | 02 | 3-3,3-4 |
| 2005-06 | എൽ.എഫ്.ഐ-9/1073/<br>തീ. 07/03-09-2009 | 01 | 3-3 |
| 2007-08 | എൽ.എഫ്.ഐ-9/352/10/<br>തീ. 04-03-11 | 02 | 3-1, 3-4 |
| 2008-09 | എൽ.എഫ്.ഐ-14/93/11/<br>തീ. 11-09-02 | 05 | 3-5, 3-8, 3-9, 3-10, 3-11 |
| 2009-10 | എൽ.എഫ്.ഐ-14/94/11/<br>തീ. 09-02-2012 | 07 | 3-2, 3-3, 3-4, 3-6,<br>3-7, 3-8, 3-9 |
| 2010-11 | എൽ.എഫ്.ഐ-14/465/12/<br>തീ. 15-01-2013 | 07 | 3-5(A,B), 3-10, 3-11, 3-12,<br>3-15, 3-16 |
| 2011-12 | എൽ.എഫ്.ഐ-14/1497/13/<br>തീ. 14-07-2014 | 28 | 2-2, 2-3 3-1 മുതൽ 3-16 വരെ<br>3-18 മുതൽ 3-24 വരെ,<br>3-26, 3-27, 3-28 |
| 2012-13&<br>2013-14 | എൽ.എഫ്.ഐ-14/174/15/<br>തീ. 03-06-2015 | 12 | 2-1 മുതൽ 2-4 വരെ<br>3-1 മുതൽ 3-6 വരെ<br>3-8, 3-9 |

| | | | |
|---|---|---|---|
| 2014-15 | കെ.എസ്.എ.-ഐ.ഡി.കെ.-995/16/തീ. 28.07.2016 | 9 | 2-1 മുതൽ 2-4 വരെ<br>3-1 മുതൽ 3-5 വരെ |
| 2015-16 | കെ.എസ്.എ.-ഐ.ഡി.കെ.-14/ 9/17തീ. 06-01-2017 | 11 | 2-1 , 2-2<br>3-1 മുതൽ 3-9 വരെ |
| 2017-18 | കെ.എസ്.എ.-ഐ.ഡി.കെ.-14/ 1406/2018 | 16 | 1-10, 1-12, 2-1 മുതൽ 2-3 വരെ<br>3-1 മുതൽ 3-9 വരെ<br>4-7, 4-8 |
| 2018-19 | നം.കെ.എസ്.എ-ഐ.ഡി.കെ-14/ 1074/2019,തീ.27.05.2020 | 18 | 1-11 മുതൽ 1-28 |
| 2019-20 | നം.കെ.എസ്.എ-ഐ.ഡി.കെ-13/ 834/2021, തീ. 30.09.2021 | 11 | 1-1, 1-3, 1-4, 1-9,<br>1-11 മുതൽ 1-17 വരെ |
| 2020-21 | നം.കെ.എസ്.എ-ഐ.ഡി.കെ-13/ 835/2021, തീ. 30.09.2021 | 17 | 1-10 മുതൽ 1- 25 വരെ, 3-1 |

ഡെപ്യൂട്ടി ഡയറക്ടർ

ഇടുക്കി

# അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ മാങ്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ മാങ്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്